**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **07-07-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള 250 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. കുടിശ്ശികയായ വായ്പകളിൽ സ്പെഷ്യൽ സെയിൽ ആഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി ARC, EP നടപടികളിലൂടെ വായ്പ തുക പിരിച്ചെടുത്ത് നിക്ഷേപകർക്ക് നിക്ഷേപ തുക തിരികെ നൽകിവരുന്നു. |
| (ബി) | പ്രസ്തുത ബാങ്കിനെ രക്ഷിക്കാൻ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള 250 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | തീരുമാനിച്ചിട്ടില്ല. |
| (ഡി) | തട്ടിപ്പ് നടത്തിയവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് പകരം തട്ടിപ്പ് നടത്തുന്ന ബാങ്കുകളെ സഹായിക്കുകയാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ